(ഇ, എഫ്) 2000 ഒക്ടോബർ മാസത്തിൽ കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ, പള്ളിക്കൽ, തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറം എന്നിവിടങ്ങളിൽ ഉണ്ടായ വിഷമദ്യ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി കർണ്ണാടക ഹൈക്കോടതി ജഡ്ജി ശ്രീ. ജസ്റ്റിസ് വി.പി. മോഹൻകുമാറിനെ അന്വേഷണ കമ്മീഷനായി നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മീഷൻ ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അടക്കുമുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(ജി, എച്ച്) വ്യാജമദ്യത്തിന്റെ തയ്യാറാക്കലിലോ, കള്ളക്കടത്തിലോ, സംഭരിക്കലിലോ, വിതരണത്തിലോ, വിപണനത്തിലോ, ഏതെങ്കിലും പൊതു പ്രവർത്തകരുടെയോ, രാഷ്ട്രീയ പ്രവർത്തകരുടേയോ പിൻബലമോ പങ്കാളിത്തമോ ഉണ്ടോ എന്നതും, ഈ വിഷയത്തിൽ ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥന്റെ പിൻബലമോ ഉൾപ്പെടലോ കൃത്യവിലോപമോ ഉണ്ടോ എന്നതും കമ്മിഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഐ, ജെ) 28-04-1999-ന് ഡി.ജി.പി. കത്തു മുഖേന എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാരേയും പോലീസ് കമ്മിഷണർമാരേയും ഇപ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.* വ്യാജമദ്യത്തിന്റെ കള്ളക്കടത്തും വിപണനവും തടയുന്നതിനുവേണ്ടി കർശനമായ നടപടികൾ സ്വീകരിക്കണമെന്ന മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ചാണ് ഡി.ജി.പി. പ്രസ്തുത സർക്കുലർ അയച്ചത്.

(കെ) ജുഡീഷ്യൽ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനു ശേഷമേ പറയാൻ കഴിയൂ.

(എൽ) 2000 ഒക്ടോബർ മാസത്തിൽ സംസ്ഥാനത്തുണ്ടായ വ്യാജമദ്യ ദുരന്തങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം നടത്തുന്നതിന് വേണ്ടി രണ്ട് പ്രത്യേക അന്വേഷണ സംഘങ്ങളും സംസ്ഥാനത്ത് സ്പിരിറ്റ് കടത്തും വിതരണവും സംബന്ധിച്ച കേസുകളിൽ അന്വേഷണം നടത്തുന്നതിന് ഒരു പ്രത്യേക അന്വേഷണ സംഘവും ഉൾപ്പെടെ മൂന്ന് പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് അന്വേഷണം തുടർന്നു വരുന്നു. ഇതിനു പുറമേ വിഷമദ്യ ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് കർണ്ണാടക ഹൈക്കോടതി സിറ്റിംഗ് ജഡ്ജി ശ്രീ. ജസ്റ്റിസ് വി.പി.മോഹൻകുമാറിനെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. സ്പിരിറ്റിന്റെയും വ്യാജമദ്യത്തിന്റെയും ഉൽപ്പാദനവും കള്ളക്കടത്തും വിപണനവും തടയുന്നതിനു വേണ്ടി പോലീസ് - എക്സൈസ് വകുപ്പുകൾ വ്യാപകമായ റെയിഡുകളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു.

3 (*28) വ്യാജമദ്യ ദുരന്തം

ശ്രീ. സി.കെ.രാജേന്ദ്രൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി.കെ.കുമാരൻ :
ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ :

---

* അനുബന്ധം-I (a, b)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി.സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ വ്യാജമദ്യദുരന്തം അന്വേഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വ്യാജമദ്യദുരന്തവുമായി ബന്ധപ്പെട്ട് സിറ്റിംഗ് ജഡ്ജിയുടെ അന്വേഷണം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് കുറ്റക്കാരെ കണ്ടുപിടിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു;

(ഇ) ആരെയൊക്കെ അറസ്റ്റ് ചെയ്ത് നടപടികൾ തുടർന്നു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(എഫ്) വ്യാജമദ്യ വിതരണം സംസ്ഥാനത്ത് ഇല്ലാതാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) വ്യാജമദ്യദുരന്തം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ അന്വേഷണം നടത്തുന്നതിന് പ്രത്യേക അന്വേഷണ സംഘം സംസ്ഥാനത്ത് സ്പിരിറ്റ് കടത്തും വിതരണവും സംബന്ധിച്ച കേസുകളിൽ അന്വേഷണം നടത്തുന്നതിന് ഒരു പ്രത്യേക അന്വേഷണ സംഘവും ഉൾപ്പെടെ മൂന്ന് പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തി വരുന്നു.

(ബി, സി) വിഷമദ്യ ദുരന്തത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് കർണ്ണാടക ഹൈക്കോടതി സിറ്റിംഗ് ജഡ്ജി ശ്രീ. ജസ്റ്റിസ് വി.പി.മോഹൻ കുമാറിനെ അന്വേഷണ കമ്മീഷനായി നിയമിച്ചിട്ട്.

(ഡി) വ്യാജമദ്യദുരന്തങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കുന്നതിന് പ്രത്യേക അന്വേഷണ സംഘങ്ങളെ നിയോഗിച്ച് അന്വേഷണം നടത്തിവരുന്നു.

(ഇ) വ്യാജമദ്യ ദുരന്തവുമായി ബന്ധപ്പെട്ട കേസുകളിലെ അറസ്റ്റു ചെയ്യപ്പെട്ട പ്രതികളുടെ പേരുവിവരവും താഴെ പറയുന്നു. മംഗലാപുരം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 340/2000 (1) ശശിധരൻ മകൻ സജീന്ദ്രൻ (2) സദാശിവൻ മകൻ മുരുകൻ (3) ഡ്രാക്കുള സുനി എന്നു വിളിക്കുന്ന സുനിൽ (4) ധർമ്മൻ മകൻ രാജു (5) മണിയൻ മകൻ ലോഡ് സുനി എന്നു വിളിക്കുന്ന സുനി (6) അർജ്ജുനൻ മകൻ കുമാർ (27-10-2000-ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് മരണപ്പെട്ടു.) (7) ജോസഫ് മകൻ ശിശുപാലൻ (8) ശിവതാണുപണിക്കർ മകൻ ശ്രീകണ്ഠൻ (9) ശിവദാസൻ മകൻ കൊച്ചുനി എന്നു വിളിക്കുന്ന മണികണ്ഠൻ. പാരിപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 268/2000 (1) ഹൈറുന്നീസ (2) രാജൻ (3) ദിലീപ് (4) ഷിബു (5) കൊച്ചുനി (6) മണിച്ചൻ (7) ഷാബു. കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 809/2000 (1) സുജിത് (2) സുരേഷ് (3) ദിലീപ് (4) കൊച്ചുനി (5) കുഞ്ഞുമോൻ (6) ഷിബു (7) ശശികുമാർ. ക്രൈം നമ്പർ 810/2000 (1) സുരേഷ് (2) ദിലീപ് (3) സുജിത് (4) കൊച്ചുനി. ക്രൈം നമ്പർ 811/2000 (1) സുരേഷ് (2) ദിലീപ് (3) സുജിത് (4) കൊച്ചുനി (5) സത്യൻ (6) സോമൻ.

LIBRARY ARCHIVES Kerala Legislative Assembly

കുന്നിക്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 309/2000 (1) മനോഹരൻ (2) കൊച്ചനി.

(എഫ്) അനധികൃത മദ്യോൽപ്പാദനം, കടത്ത്, അവയുടെ ശേഖരം, വിൽപ്പന എന്നിവ കണ്ടെത്തുന്നതിനായി സംശയമുള്ള സ്ഥലങ്ങളിൽ രഹസ്യാന്വേഷണവും റെയ്ഡും വാഹനപരിശോധനയും ഊർജ്ജിതമായി നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചു വരുന്നു. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ എല്ലാ ദിവസവും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർ ഡി.ജി.പി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. കൂടാതെ അബ്കാരി നിയമലംഘനങ്ങൾ കർശനമായി തടയുന്നതിനും അബ്കാരി ലൈസൻസ് നിയമങ്ങൾ ശരിയായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും പ്രത്യേക അബ്കാരി മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ട്.

<u>ശ്രീമതി കെ.ആർ.ഗൗരിയമ്മ</u> : ഇവിടെ ചോദ്യം, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 നവംബർ 30 വരെ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ വിഷമദ്യദുരന്തം ഉണ്ടായിട്ടുണ്ട് എന്നുള്ളതാണ്. ഇപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിഷമദ്യദുരന്തം മൂലം മരണപ്പെട്ടിട്ടുള്ളവരുടേതായ ഈ ലിസ്റ്റ് പരിപൂർണ്ണമല്ല. ആലപ്പുഴ ജില്ലയിൽ കുതിരപ്പള്ളി ഭാഗത്ത് അടുത്തകാലത്ത് കുഞ്ഞുമോൻ എന്നയാൾ മരിച്ചിട്ടുണ്ട്, കേസ് എടുത്തിട്ടില്ല. പോസ്റ്റുമാർട്ടം റിപ്പോർട്ടുണ്ട്. അതിനെപ്പറ്റിയാണ് എനിക്ക് പറയാനുള്ളത്. ടേംസ് ഓഫ് റഫറൻസിൽ തിരുവനന്തപുരത്തും, കൊല്ലത്തും നടന്ന മദ്യദുരന്തത്തെപ്പറ്റി മാത്രമേ അന്വേഷിക്കാൻ പറഞ്ഞിട്ടുള്ളൂ. മദ്യ ദുരന്തം സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും നടന്നു. സംസ്ഥാനത്ത് മൊത്തം നടന്നിട്ടുള്ള മദ്യദുരന്തത്തെക്കുറിച്ച് അന്വേഷിക്കാതിരിക്കാൻ കാരണം എന്താണ്; അതുപോലെതന്നെ ഉദ്യോഗസ്ഥന്മാരുടെയും വ്യക്തികളുടേയും പങ്കിനെക്കുറിച്ച് അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്. മാസപ്പടി വാങ്ങുന്ന ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതുപോലുള്ള കാര്യങ്ങളെ സംബന്ധിച്ച് രാഷ്ട്രീയ പാർട്ടികളുടക്കമുള്ളവരുടെ പങ്കിനെ സംബന്ധിച്ച് അന്വേഷിക്കുമോ?

<u>ശ്രീ. ഇ.കെ.നായനാർ</u> : ടേംസ് ഓഫ് റഫറൻസിൽ രാഷ്ട്രീയ പാർട്ടികളുടെ പങ്കിനെക്കുറിച്ചും അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്. കർണ്ണാടക ജഡ്ജിക്ക് കൊടുത്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ഇപ്പോൾ വായിച്ചു. കൊല്ലം ജില്ലയിലും തിരുവനന്തപുരം ജില്ലയിലും നടന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചേ അന്വേഷണം ഉള്ളൂ. സംസ്ഥാനത്ത് ആകെയുള്ള കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം ഇല്ല. സ്റ്റേറ്റ് ആകെയുള്ള കാര്യത്തെപ്പറ്റിയാണ് ഇവിടെ പ്രശ്നം വന്നിട്ടുള്ളത്. രണ്ട് ജില്ലകളിൽ നടന്നിട്ടുള്ള സംഭവഗതികളെ സംബന്ധിച്ചാണ് ഗൗരവമായി അന്വേഷിക്കുന്നതും സിറ്റിംഗ് ജഡ്ജിക്ക് കൊടുത്തിട്ടുള്ളതും. അതിന്റെ ടേംസ് ഓഫ് റഫറൻസിൽ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട വ്യക്തികളെക്കുറിച്ചും പറഞ്ഞിട്ടുണ്ട്.

<u>ശ്രീമതി കെ.ആർ.ഗൗരിയമ്മ</u> : ടേംസ് ഓഫ് റഫറൻസ് അങ്ങ് ഒന്നു കൂടി വായിക്കണം. Persons responsible for such mixing, distribution and sale. പിന്നീട്, എടുത്തുപറഞ്ഞിരിക്കുന്നത് ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തത്തെ സംബന്ധിച്ചാണ്. പാർട്ടികളുടെ പങ്കാളിത്തത്തെക്കുറിച്ച് പറഞ്ഞിട്ടില്ല. മദ്യദു

LIBRARY ARCHIVES Kerala Legislative Assembly

രന്തം സംസ്ഥാനുത്തടനീളം നടക്കുന്നു. മാസപ്പടി വാങ്ങിച്ചുകൊണ്ട് ഉദ്യോഗ സ്ഥന്മാർ.....

(ബഹളം)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി .....

ശ്രീമതി കെ.ആർ.ഗൗരിയമ്മ : മദ്യദുരന്തം സംബന്ധിച്ച് മാസപ്പടി വാങ്ങിക്കുന്നു എന്നു പറഞ്ഞ് ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. മാസപ്പടി വാങ്ങിക്കുന്ന പേഴ്സൺസിനെപ്പറ്റി ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള പേഴ്സൺസ് ഉണ്ട്. സംസ്ഥാനത്ത്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ കാസർകോട് ഉൾപ്പെടെ വിഷമദ്യം കഴിച്ച് ആളുകൾ മരിച്ചിട്ടുണ്ട്. ഈ ലിസ്റ്റ് തന്നെ അപൂർണ്ണമാണ്. നൂറുകണക്കിന് ആളുകൾ വിഷമദ്യം കഴിച്ച് മരിച്ചിട്ടുണ്ട്. ഈ നാട്ടിൽ ചാരായം നിരോധിച്ചിരിക്കുകയാണ്. 1999 ഏപ്രിൽ മാസത്തിലാണ് ഇതുപോലെയുള്ള ഒരു സർക്കുലർ ഡി.ജി.പി. കൊടുത്തത്. അതുകഴിഞ്ഞ് ഇപ്പോൾ രണ്ടായിരമാണ്ടായി. ഇല്ലിസിറ്റ് ലിക്കർ വിൽക്കാൻ ഇടയുണ്ട്, മാരകമായ വിഷം കലർത്തി വിൽക്കാനിടയുണ്ട് എന്നുള്ള വിധത്തിൽ ഒരു സർക്കുലർ വന്നശേഷം അതിനെപ്പറ്റി ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരോ ഗവൺമെന്റോ മന്ത്രിമാരോ ഒന്നും പറഞ്ഞില്ല. അങ്ങു പറഞ്ഞത് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നു പറഞ്ഞിട്ടാണ് സർക്കുലർ കൊടുത്തു എന്നാണ്. എന്തുകൊണ്ട് മന്ത്രിയും താഴോട്ടുള്ള ഉദ്യോഗസ്ഥന്മാരും അതിനെപ്പറ്റി കൂടുതൽ നടപടി എടുത്തില്ല?

ശ്രീ. ഇ.കെ.നായനാർ : കാസർകോട്ട് മരിച്ചതിനെ സംബന്ധിച്ച് ഇവിടെ അന്വേഷണില്ല. ജുഡീഷ്യൽ അന്വേഷണം രണ്ടു ജില്ലകളിലെ സംഭവങ്ങളെ സംബന്ധിച്ചാണ്. രാഷ്ട്രീയക്കാരെക്കുറിച്ചുള്ള അന്വേഷണം സംബന്ധിച്ച് ടേംസ് ഓഫ് റഫറൻസിൽ ഉണ്ട്. രാഷ്ട്രീയ പാർട്ടികളെക്കുറിച്ചില്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : ഇവിടെ ബഹുമാനപ്പെട്ട ഗൗരിയമ്മ വായിച്ചത് ..... Person or persons and factors responsibe for the said tragedy and remedial measures to be taken to avoid such instance. അത് പാർട്ടികളെപ്പറ്റിയല്ല. അതിനുശേഷം whether in preparing smuggling, storing, distributing and selling illicit liquor, there was any patronage or involvement of any public or political personalities.

Political party is an abstracting അതിന്റെ പേഴ്സണൽ ആണ് കോൺക്രീറ്റ് Party is not a legal person.

(ബഹളം)

ശ്രീ. ടി.ശിവദാസമേനോൻ : പാർട്ടി അബ്സ്ട്രാക്ടാണ്, പേഴ്സൺസ് കോൺക്രീറ്റാണ്. പാർട്ടി അമൂർത്തമാണ്, അതിന്റെ സമൂർത്തത രൂപമാണ് അതിലെ പേഴ്സണാലിറ്റീസ്.

ശ്രീ. ജോണി നെല്ലൂർ : ഈ ചോദ്യത്തിൽ (എ)-യ്ക്ക് നൽകിയിരിക്കുന്ന ഉത്തരം അപൂർണ്ണമാണ്. 1999 ജൂലൈ മാസത്തിൽ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി ഈ സഭയിൽ നൽകിയ ഉത്തരം അനുസരിച്ച് ഈ സംസ്ഥാനത്ത് മദ്യദുരന്തം വഴി 23 പേരും മദ്യം കഴിച്ചതായി സംശയിക്കപ്പെടുന്നതുവഴി 6 പേരും ഉൾപ്പെടെ 29 പേർ മരണപ്പെട്ടതായി പറയുന്നുണ്ട്. എന്നാൽ ഇപ്പോൾ നൽകിയിരിക്കുന്ന ഉത്തരത്തിൽ നാലരവർഷക്കാലമായി

LIBRARY ARCHIVES Kerala Legislative Assembly

വിഷമദ്യദുരന്തം മൂലം മരണപ്പെട്ടവർ 53 പേർ മാത്രമാണെന്ന് പറഞ്ഞിട്ടുള്ളത് ശരിയായ ഉത്തരമല്ല. അതുപോലെ 'ജി' ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുള്ള മറുപടിയും അവ്യക്തമാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി.ശിവദാസമേനോൻ നൽകിയ മറുപടി വ്യക്തികളെക്കുറിച്ചു മാത്രമേ അന്വേഷണം ഉള്ളൂവെന്നാണ്. വിഷമദ്യദുരന്തത്തിലും സ്പിരിറ്റു കടത്തലിലും മറ്റു രാഷ്ട്രീയ പാർട്ടികൾക്കുള്ള പങ്കിനെക്കുറിച്ച് അന്വേഷിക്കണം എന്ന ആവശ്യത്തിന്മേൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാട് വ്യക്തമാക്കുമോ?

<u>ശ്രീ. ഇ.കെ.നായനാർ</u> : രാഷ്ട്രീയക്കാരെക്കുറിച്ച് മാത്രമേ അന്വേഷണമുള്ളൂ, പാർട്ടി സംബന്ധിച്ചില്ല.

<u>ശ്രീ. ജോണി നെല്ലൂർ</u> : മദ്യദുരന്തവുമായി ബന്ധപ്പെട്ട് എത്ര എക്സൈസ് - പോലീസ് ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; അവരുടെ പേരിൽ ഏതെല്ലാം കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? 1999 ഏപ്രിൽ മാസത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശമനുസരിച്ച് എന്നു പറഞ്ഞു ഡി.ജി.പി. താഴെയുള്ള പോലീസ് കമ്മീഷണർമാർക്കും സൂപ്രണ്ടുമാർക്കും അയച്ച സർക്കുലർ അനുസരിച്ച് ഈ സംസ്ഥാനത്ത് എത്ര റെയിഡുകൾ നടത്തിയിട്ടുണ്ടെന്നും എന്തെല്ലാം മുൻകരുതലുകൾ എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. ഇ.കെ.നായനാർ</u> : പ്രത്യേക ചോദ്യം ചോദിച്ചാൽ പിന്നീട് ഉത്തരം നൽകാം.

<u>ശ്രീ. കെ.നാരായണക്കുറുപ്പ്</u> : ബഹുമാനപ്പെട്ട എ.കെ.ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ചാരായ നിരോധനം നടപ്പിലാക്കിയത് പലരേയും നൊമ്പരപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള പകവീട്ടൽപോലെ ഈ വകുപ്പുകളിൽ അയഞ്ഞസമീപനം ഉണ്ടായതുകൊണ്ടല്ലേ ഈ ദുരന്തങ്ങൾ ഉണ്ടായത്?

<u>ശ്രീ. ഇ.കെ.നായനാർ</u> : അതെല്ലാം ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം അല്ലേ?

<u>ശ്രീ. കെ.നാരായണക്കുറുപ്പ്</u> : മദ്യദുരന്തക്കേസിൽ മാസപ്പടി വാങ്ങിയതിന്റെ പേരിൽ കുറെ 'പാവപ്പെട്ട' ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്യാനല്ലേ മുഖ്യമന്ത്രിക്ക് കഴിഞ്ഞുള്ളൂ. എന്നാൽ ഇതിനെല്ലാം ധൈര്യം പകർന്നു കൂടുനിന്ന രാഷ്ട്രീയ നേതാക്കന്മാരെക്കുറിച്ച് മുഖ്യമന്ത്രിക്ക് പറയാൻ കഴിയാത്തത് സങ്കടകരമാണ്. രാഷ്ട്രീയക്കാരിൽ ആരെങ്കിലും മാസപ്പടി വാങ്ങിയിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തി അവരുടെ പേരുവിവരം പരസ്യപ്പെടുത്താൻ തയ്യാറാകുമോ?

<u>ശ്രീ. ഇ.കെ.നായനാർ</u> : രാഷ്ട്രീയ നേതാക്കന്മാരെപ്പറ്റി പ്രത്യേകം ചോദ്യം ചോദിച്ചാൽ അന്വേഷിച്ച് പറയാം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഈ ചോദ്യത്തിലെ (ജി)-ക്കും (എച്ച്)-നും മറുപടിയായി നൽകിയത് പൊളിറ്റിക്കൽ പേഴ്സണാലിറ്റീസിനെ സംബന്ധിച്ചാണ്. എല്ലാ പ്രമുഖ പത്രങ്ങളും ഇലക്ട്രോണിക് മീഡിയയും പറഞ്ഞത്, സി.പി.ഐ.(എം)-ന് ഇക്കാര്യത്തിൽ വ്യക്തമായ പങ്കുണ്ടെന്നാണ്. ഞങ്ങളുടെ പാർട്ടിയുൾപ്പെടെ ഏതു രാഷ്ട്രീയപാർട്ടിക്കുമുള്ള പങ്കിനെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാകുമോ, അതിന് തയ്യാറാകാത്തത് സി.പി.ഐ.(എം)-നെ രക്ഷപ്പെടുത്താൻ വേണ്ടിയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ.നായനാർ : സി.പി.ഐ.(എം)-ന് ഇതിൽ പങ്കുണ്ടെന്ന് പറഞ്ഞത് തനി അസംബന്ധമാണ്. ഒരു പങ്കുമില്ല. ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞിട്ടുള്ളത് രാഷ്ട്രീയക്കാരെക്കുറിച്ചാണ്; പാർട്ടിയെക്കുറിച്ചല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : വിഷമദ്യക്കേസുമായി ബന്ധപ്പെട്ട് ഈ സഭയിലെ ഏതെങ്കിലും അംഗത്തിന്റെയോ അംഗങ്ങളുടേയോ പേരിൽ വല്ല കേസും നിലവിലുണ്ടോ?

ശ്രീ. ഇ.കെ.നായനാർ : പ്രത്യേകം ചോദ്യം ചോദിച്ചാൽ അന്വേഷിച്ച് പറയാം.

ശ്രീ. പി.പി.തങ്കച്ചൻ : 01.11.2000-ൽ മാതൃഭൂമി പത്രത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ടി.കെ.രാമകൃഷ്ണൻ കോഴിക്കോട് വച്ച് നടത്തിയ ഒരു പ്രസംഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വ്യാജച്ചാരായം കുടിച്ച് ആളുകൾ മരിച്ചത് ഉദ്യോഗസ്ഥന്മാരുടെ വീഴ്ചയാണെന്നും ആ നിലയിൽ ഇത് സർക്കാരിന്റെ വീഴ്ചയാണെന്നുമാണ് റിപ്പോർട്ട്. ഈ നിലപാടിനോട് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി യോജിക്കുന്നുണ്ടോ?

ഫിഷറീസും സാംസ്കാരികവും വകുപ്പു മന്ത്രി (ശ്രീ. ടി.കെ.രാമകൃഷ്ണൻ) : അടൂർ മെമ്പർ നടത്തുന്ന ഷോപ്പിൽ നിന്നും കുടിച്ചു മരിച്ചു എന്നു പത്രത്തിൽ കണ്ടു. അതുകൊണ്ട് കോൺഗ്രസുകാരെല്ലാം ഇതാണ് ചെയ്യുന്നതെന്ന് ഞങ്ങൾ വല്ലവരും പറഞ്ഞോ?

ശ്രീ. ഇ.കെ.നായനാർ : ആ റിപ്പോർട്ട് ശരിയാണോ തെറ്റാണോയെന്ന് പരിശോധിക്കണം.

ശ്രീ. പി.പി.തങ്കച്ചൻ : 02.11.2000-ലെ മലയാള മനോരമയിൽ സി.പി.ഐ.(എം)-ന്റെ തിരുവനന്തപുരം ജില്ലാക്കമ്മിറ്റി ട്രാവൻകൂർ വൈൻസ് അബ്കാരി ഗ്രൂപ്പുകാരിൽ നിന്നും സംഭാവനയായി രണ്ടു ലക്ഷം രൂപ വാങ്ങിയതായി രസീതിന്റെ ചിത്രംസഹിതം വാർത്ത വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. ഇ.കെ.നായനാർ : മനോരമാ റിപ്പോർട്ടിനെക്കുറിച്ച് അന്വേഷണം ഇല്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

4 (*3) ടൂറിസം വികസനത്തിന് ആവിഷ്ക്കരിച്ച പദ്ധതികൾ

ശ്രീ. ടി.കെ.നൗഷാദ് :
ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. അലിഹസ്സൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :

LIBRARY ARCHIVES Kerala Legislative Assembly